L1/383/2023-TC

498907/2023/INWARD TC

5741023/2023

TRANSPORT COMMISSIONERATE KERALA
INWARD No
RECEIVED ON
31 MAY 2023

| TC | Addl TC | JTC & Secy STA | JTC (E) | AO | DTC (T) | FO | |
|---|---|---|---|---|---|---|---|

വിവരാവകാശ നിയമം

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം.ബി2/453/2022-ഗതാ.

ഗതാഗത (ബി) വകുപ്പ്.
തിരുവനന്തപുരം.
തീയതി. 30-05-2023

പ്രേഷകൻ.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി

സ്വീകർത്താവ്.

ശ്രീ.പി.ബി. സതീഷ്
പാറമേൽ വീട്
പി.ഒ. മണ്ണുത്തി.തൃശ്ശൂർ-680 651

സർ.

വിഷയം: ഗതാഗത വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷയിൻ മറുപടി സംബന്ധിച്ച്.

സൂചന: താങ്കളുടെ 26/04/2023-ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത അപേക്ഷ പ്രകാരം ആവശ്യപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

പിരിവ് (1),(6): നേർകാഴ്ച അസോസിയേഷൻ 22/10/2022 സമർപ്പിച്ച നിവേദനം കൈകാര്യം ചെയ്യു ഫയലും (B2/472/2022/TRANS), WP(C)No.35057/2022 കൈകാര്യം ചെയ്യു ഫയലും (B2/453/2022/TRANS) ചേർത്ത് ആകെ 164 പേജുകളുടെ പകർപ്പ് നൽകേണ്ടതായുണ്ട്. പൊതുഭരണ ഏകോപന വകുപ്പിന്റെ 17/01/2015-ലെ G.O.(P)No.20/2015/GAD നമ്പർ വിജ്ഞാപനപ്രകാരം BPL വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് 20 പേജ് വരെ (A4 size paper) മാത്രമേ സൗജന്യമായി നൽകേണ്ടതുള്ളൂ. ആയതിനാൽ മേൽ പരാമർശിച്ച ഫയലുകളുടെ ആദ്യ 20 പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഇതോടൊപ്പം അയക്കുന്നു. ബാക്കി വരുന്ന 144 പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുന്നതിനായി പേജ് ഒന്നിന് മൂന്ന് രൂപ പ്രകാരം 432/- രൂപ ( നാന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) അല്ലെങ്കിൽ രേഖകളുടെ ഇലക്ട്രോണിക് പകർപ്പ് ഇമെയിൽ മുഖേന ലഭ്യമാക്കുന്നതിനായി 75/- രൂപ (എഴുപത്തിയഞ്ച് രൂപ മാത്രം) " 0070-60-118-99- Receipts Under Right to Information Act 2005" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് അസ്സൽ ചെല്ലാൻ ഹാജരാക്കേണ്ടതാണ്.

അപേക്ഷയിലെ മറ്റ് പിരിവുകൾക്ക് മറുപടി നൽകുന്നതിനായി വിവരം ഗതാഗത വകുപ്പിലെ ഈ പൊതു വിവരാവകാശ അധികാരിയുടെ പക്കൽ ലഭ്യമല്ലാത്തതിനാൽ, വിവരം താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി, അപേക്ഷ വിവരാവകാശ നിയമത്തിലെ സെക്ഷൻ 6(3) പ്രകാരം ഗതാഗത കമ്മീഷണറേറ്റിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

5741023/2023

<u>അപ്പീൽ അധികാരി</u>

അപ്പീലധികാരി & ജോയിന്റ് സെക്രട്ടറി,

ഗതാഗത വകുപ്പ്.ഗവ. സെക്രട്ടേറിയറ്റ്. തിരുവനന്തപുരം

വിശ്വസ്തതയോടെ,

BINDU R

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &

അണ്ടർ സെക്രട്ടറി

പകർപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. ഗതാഗത കമ്മീഷണറേറ്റ്. തിരുവനന്തപുരം (അപേക്ഷയിലെ (2) മുതൽ (5) വരെയുള്ള പിരിവുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് നേരിട്ട് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു)

# ഭരണഭാഷ – മാതൃഭാഷ

സ്പീഡ് പോസ്റ്റ് അടിയന്തിരം

ഫോറം എ

(ചട്ടം 3 കാണുക)

10/രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കുക. BPL

**(2005–ലെ അറിയാനുള്ള അവകാശം 6(3) വകുപ്പ് പ്രകാരം വിവരം ലഭിക്കുന്നതിന് സേവനത്തിനായി സമർപ്പിക്കുന്ന അപേക്ഷ)**

**സ്വീകർത്താവ്**

പ്രിൻസിപ്പൽ സെക്രട്ടറി
റൂം നമ്പർ- 394, മെയിൻ ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം – 695001

**അപേക്ഷകന്റെ പൂർണ്ണ മേൽവിലാസം**

പി.ബി.സതീഷ്
പാറമേൽ വീട്
പി.ഒ. മണ്ണുത്തി, തൃശ്ശൂർ – 680 651
ഫോൺ : 9446147062
E-mail : pbsatheesh90@gmail.com

7208580
04 MAY 2023
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

വിവരങ്ങൾ ലഭിക്കേണ്ടതു സംബന്ധിച്ചുള്ള വിശദവിവരം (ഓരോ വിഷയവും തരംതിരിച്ച് പ്രത്യേകം ചേർക്കുക)

സൂചന : 1. പാലക്കാട് അതിർത്തി ചെക്ക്പോസ്റ്റുകൾ വഴി 10,12,16, ചക്രമുള്ള ടോറസ് വാഹനത്തിന് താങ്ങാവുന്ന യഥാർത്ഥ ഭാരശേഷിയെക്കാൾ അപകടകരമായി ഇരട്ടിയിലധികം പാറ ഉൽപ്പന്നങ്ങൾ നിറച്ച് അപകടങ്ങൾ സൃഷ്ടിച്ചുവരുന്നതും നികുതികൾ, വാഹന നിയമലംഘനം പിഴകൾ വെട്ടിച്ചു സർക്കാരിന് പ്രതിദിനം 14 കോടി നഷ്ടം സംഭവിക്കുന്നു. ഉത്തരവാദിത്വപ്പെട്ട അധികാരസ്ഥാനങ്ങൾ ഈ വാഹനം പിടികൂടാതെ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നു എന്നതിന്റെ സാഹചര്യ തെളിവാണ് ഇപ്പോഴും കോടതി ഉത്തരവുകൾ ചില ഉത്തരവാദിത്വപ്പെട്ട അധികാരസ്ഥാനങ്ങൾ അനുസരിക്കാതെ ടോറസ് വാഹനങ്ങൾ ഉപയോഗിച്ചിട്ടുള്ള നിയമലംഘനങ്ങളും അപകടങ്ങളും തുടർന്നു വരികയാണ്. ഇത് സംസ്ഥാനത്ത് ജീവിക്കുന്ന [illegible] പൗരന്മാരുടെയും സർക്കാരിന്റെ സാമ്പത്തിക വ്യവസ്ഥിതി തകർക്കുന്ന ഗൗരവമേറിയ കുറ്റകൃത്യമാണ്.

2. നേർക്കാഴ്ച അസോസ്സിയേഷൻ മുൻപ് അയച്ച രണ്ടു പരാതികളും ഹൈക്കോടതി ഉത്തരവും ഉള്ളടക്കം ചെയ്തുകൊണ്ട് കോടതി പൊതു ഉത്തരവ് നടപ്പാക്കുന്നതിന് വേണ്ടി ഹൈക്കോടതി നിർദ്ദേശപ്രകാരം 22/03/2023 അതിവേഗ തപാൽ വഴി WP(C)35057OF 2022 ഉത്തരവ് ഒരു മാസത്തിനകം നടപ്പാക്കുന്നതിന് വേണ്ടി സമർപ്പിച്ച സേവനത്തിനായി സമർപ്പിച്ച കോടതി ഉത്തരവും പരാതിയും.

നമസ്ക്കാരം സർ,

1. നേർക്കാഴ്ച അസോസിയേഷന്റെ പരാതികളും അതിൽമേൽ ഹൈക്കോടതി പൊതുതാൽപര്യം നടപ്പാക്കുന്നതിനു വേണ്ടി കേരള പ്രിൻസിപ്പൽ സെക്രട്ടറി വകുപ്പ്, ഈ വിവരാവകാശ അപേക്ഷയ്ക്ക് ബന്ധപ്പെട്ട അധികാരസ്ഥാനത്തുള്ള ഉത്തരവാദിത്വപ്പെട്ടവർ വിവരം/രേഖകൾ ലഭ്യമാക്കുന്ന ദിവസം വരെ നിയമനടപടി സ്വീകരിച്ച എല്ലാ രേഖകളുടെ പകർപ്പുകൾ, പ്രമാണങ്ങളുടെ പകർപ്പുകൾ, ഡിജിറ്റൽ രേഖകളുടെ പകർപ്പുകൾ.

2. ബഹു ഹൈക്കോടതി ഉത്തരവ് ലഭിച്ച തീയതി മുതൽ അനുസരിച്ച് പാലക്കാട്, എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഈ വിവരാവകാശ അപേക്ഷയ്ക്ക് ബന്ധപ്പെട്ട അധികാരസ്ഥാനത്തുള്ള ഉത്തരവാദിത്വപ്പെട്ടവർ വിവരം/രേഖകൾ ലഭ്യ

മാക്കുന്ന ദിവസം വരെ ടോറസ് വാഹനങ്ങൾ പരിശോധിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറി സ്വീകരിച്ച നിയമനടപടികളുടെ പകർപ്പുകൾ. വാഹന വകുപ്പ് പരിശോധന നടത്തിയ തീയതികൾ അമിതഭാരം നിറച്ച് സഞ്ചിച്ച ടോറസ് വാഹനങ്ങളുടെ നമ്പറുകൾ.

3. കോടതി ഉത്തരവ് നടപ്പാക്കുന്നില്ല. പരാതിയിൽ തെളിവെടുപ്പുമായി ബന്ധപ്പെട്ട് പാലിയേക്കര, പന്നിയങ്കര ടോൾപ്ലാസകളിൽ കടന്ന് നിയമലംഘനങ്ങൾ നടത്തി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ടോറസ് വാഹനങ്ങളുടെ സി.സി.ടി.വി. ദൃശ്യങ്ങൾ പ്രിൻസിപ്പൽ സെക്രട്ടറി പരിശോധിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ടെങ്കിൽ ദൃശ്യങ്ങളുടെ പകർപ്പുകൾ.

4. പാലക്കാട് തൃശ്ശൂർ എറണാകുളം മലപ്പുറം ജില്ലകളിൽ ദേശീയപാതയിൽ സ്ഥാപിച്ച നിർമ്മിത ബുദ്ധിയുള്ള എ.ഐ.ക്യാമറയിൽ 19/04/2023 മുതൽ 27/04/2023 വരെയുള്ള വീഡിയോ ദൃശ്യങ്ങളുടെ പകർപ്പുകൾ.

5. പാലക്കാട് തൃശ്ശൂർ എറണാകുളം മലപ്പുറം ജില്ലകളിൽ ദേശീയപാതയിൽ സ്ഥാപിച്ച നിർമ്മിത ബുദ്ധിയുള്ള എ.ഐ.ക്യാമറയിൽ പതിഞ്ഞ 19/04/2023 മുതൽ 27/04/2023 വരെയുള്ള ടോറസ് വാഹനങ്ങളുടെ ഫോട്ടോസുകളുടെ പകർപ്പുകൾ.

6 നേർകാഴ്ചയുടെ പരാതിയിൽ ബഹു ഹൈക്കോടതി ബഹു പൊതുതാൽപര്യ ഉത്തരവ് അനുസരിച്ച് ടോറസ് വാഹനങ്ങൾ ഉപയോഗിച്ച് അപകടങ്ങൾ സൃഷ്ടിച്ച് വരുന്നതും നിരത്തിൽ വാഹനനിയമലംഘന പിഴകൾ വെട്ടിപ്പ് തടയുവാൻ ബഹു കോടതി ഉത്തരവ് പ്രിൻസിപ്പൽ സെക്രട്ടറി ഫലപ്രദമായി നടപ്പാക്കിയ അടിസ്ഥാനമായ വിവരങ്ങൾ, രേഖകൾ റിപ്പോർട്ടുകളുടെ പകർപ്പുകൾ വീഡിയോ ദൃശ്യങ്ങളുടെ പകർപ്പുകൾ

വിവരങ്ങളുമായി ബന്ധപ്പെട്ട വർഷം : 2021 - 2023

## സ്വീകർത്താവിന്റെ ശ്രദ്ധയ്ക്ക്

അപേക്ഷയുമായി ബന്ധപ്പെട്ട മറുപടി നൽകുന്നതുവരെയുള്ള വിവരം/രേഖകളാണ് ആവശ്യപ്പെടുന്നത്. ആവശ്യപ്പെടുന്ന രേഖകൾ ടി ഓഫീസിൽ ഇല്ലെങ്കിൽ വിവരാവകാശ നിയമം 6(3) വകുപ്പ് ഉപയോഗിക്കുക. മറുപടി ഓരോ പേജിലും സീലും ഒപ്പും വെച്ച് സാക്ഷ്യപ്പെടുത്തി തരണം. അപ്പീലധികാരിയുടെ വിലാസം രേഖപ്പെടുത്തേണ്ടതാണ്. തപാൽ മുഖേന അയച്ചുതരണം. ബി.പി.എൽ. സാക്ഷ്യപത്രം കൂടെ സമർപ്പിക്കുന്നു. രേഖ സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് പൊതുഭരണ വകുപ്പിന്റെ 23/02/2021 ഉത്തരവ് (CDN3/93/2018) പ്രകാരം അപേക്ഷ ലഭിച്ചാൽ ഉടൻ ഇ-മെയിൽ/വാട്ട്സാപ്പ്/തപാൽ വഴി രശീതി ലഭ്യമാക്കി തരേണ്ടതാണ്.

സ്ഥലം: മുല്ലക്കര, തൃശ്ശൂർ

തിയ്യതി : 26/4/2023

അപേക്ഷകന്റെ ഒപ്പ്

# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

കെ.എസ്. 48/17 തിയ്യതി 17-01-2022

## സാക്ഷ്യപത്രം

ശ്രീ /ശ്രീമതി. അമ്മണി, പാറമേൽ-H, മുളയം ...എന്നവർ 2009ൽ പ്രസിദ്ധീകരിച്ച തൃശൂർ കോർപ്പറേഷൻ ബി.പി.എൽ ലിസ്റ്റിൽ ഡിവിഷൻ 12 ൽ ക്രമനമ്പർ 583 പ്രകാരം ഉൾപ്പെട്ടിട്ടുണ്ട്. ടിയാരിയുടെ മകൻ പി.ജി. സജീഷിന് BPL ആനുകൂല്യത്തിന് RTI - Act - 2005 ഹാജരാക്കുന്നതിനു വേണ്ടിയാണ് ഈ സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളത്.

CORPORATION OFFICE THRISSUR

സെക്രട്ടറി